പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 878 05/02/2020 ൽ മറുപടിക്ക്

**കന്നുകാലികളിലെ ലംപി സ്കിൻ രോഗബാധ**

ചോദ്യം

**ശ്രീ.എൻ. ഷംസുദ്ദീൻ**
**ശ്രീ.പി.ഉബൈദുള്ള**
**ശ്രീ.കെ.എം.ഷാജി**
**ശ്രീ.ടി. വി. ഇബ്രാഹിം**

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ കന്നുകാലികളിൽ ലംപി സ്കിൻ എന്ന വൈറസ് രോഗം വ്യാപിക്കുന്നതായ റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്തെ 7 ജില്ലകളിൽ 29/01/2020 വരെ 2813 കന്നുകാലികളിൽ രോഗബാധ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 20 കേസുകൾ ലബോറട്ടറി പരിശോധനയിൽ സ്ഥിരീകരിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. 17344 ഉരുക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നൽകുകയും തുടർ വാക്സിനേഷനുകൾ ഇപ്പോഴും നടത്തി വരികയും ചെയ്യുന്നു. |
| ബി) | പ്രസ്തുത രോഗബാധ തടയുന്നതിനും ക്ഷീരകർഷകരുടെ ആശങ്കയകറ്റുന്നതിനുമായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | ബി) | പ്രസ്തുത രോഗബാധയുടെ വിവരം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ പ്രതിരോധ വാക്സിൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് ഗോട്ട് പോക്സ് വാക്സിൻ (ഉത്തർകാശി സ്ട്രെയിൻ) 37500 ഡോസുകൾ വാങ്ങി 7 ജില്ലകളിലായി വിതരണം നടത്തുകയും പ്രതിരോധ കുത്തിവെയ്പ്പ് 5 കിലോമീറ്റർ ചുറ്റളവിൽ തുടങ്ങുകയും ചെയ്തിട്ടുണ്ട്. കർഷകരെ സഹായിക്കുന്നതിനായി രോഗബാധയുണ്ടായ ഓരോ പഞ്ചായത്തിലും 5000/- രൂപ വീതം അടിയന്തിരമായി അനുവദിക്കുകയും ടി തുക വിനിയോഗിച്ച് ചികിത്സയ്ക്കുള്ള മരുന്നുകൾ, അണുനാശിനികൾ, ആന്റിസെപ്റ്റിക് ലേപനങ്ങൾ എന്നിവ വാങ്ങി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കർഷകരുടെ ആശങ്കയകറ്റാൻ പഞ്ചായത്തുതലത്തിൽ ബോധവല്കരണം നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ